"ഭരണഭാഷ - മാതൃഭാഷ"
**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**
*(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)*
രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള
CIN :U40100KL2011SGC027424 വെബ് സൈറ്റ് : www.kseb.in
ഫോൺ +91 471 2447404, ഇ-മെയിൽ : cerees@kseb.in

## സംഗ്രഹം

ലോഹ തോട്ടികൾ ഉപയോഗിക്കുന്നതുമൂലമുള്ള വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവ്..

---

**കോർപ്പറേറ്റ് ഓഫീസ് ( പ്ലാനിംഗ് , സേഫ്റ്റി & എസ് .സി .എം )**
ബോർഡ് ഉത്തരവ് (എഫ്. റ്റി. ഡി) നം. 582/2022 (സി.എസ്.സി./ജനറൽ/ 2022-23)
തിരുവനന്തപുരം, തിയതി: 05.07.2022.

---

പരാമർശം:-

1) ശ്രീ. എസ് സുബാഷ് , മീഡിയ ഓഫീസർ ബഹുമാനപ്പെട്ട ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് സമർപ്പിച്ച നമ്പർ ജനറൽ /01 /2022-23/ തീയതി 18-05-2022 കുറിപ്പ്.

2) ഡയറക്ടർ (ട്രാൻസ്മിഷൻ,സിസ്റ്റം ഓപ്പറേഷൻ, പ്ലാനിംഗ്& സേഫ്റ്റി) മുഴുവൻ സമയ ഡയറക്ടർമാർ മുൻപാകെ സമർപ്പിച്ച നമ്പർ സി.എസ്.സി/ജനറൽ/2022-23/58, തീയതി 25 .06. 2022 കുറിപ്പ് (Agenda 79/06/2022)

## ഉത്തരവ്

വൈദ്യുത ലൈനുകൾക്ക് സമീപം ചക്ക, മാങ്ങ തുടങ്ങിയ ഫലങ്ങൾ അടർത്തി എടുക്കുന്നതിനായി ലോഹ തോട്ടികൾ ഉപയോഗിക്കുന്നതുമൂലം സംഭവിക്കുന്ന വൈദ്യുത അപകടങ്ങളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിന് പരിഹാരമെന്ന നിലയിൽ ലോഹ തോട്ടികൾക്ക് പകരം ***നിർദ്ദിഷ്ട ഇൻസുലേറ്റഡ് strength-ഉള്ള*** ഇൻസുലേറ്റഡ് മെറ്റീരിയലുകൾ ഉപയോഗിച്ചുള്ള തോട്ടികൾ ഉപയോഗിക്കുന്നതിനായി പൊതുജനങ്ങളെ പ്രേരിപ്പിക്കുന്നത് ഉചിതമായിരിക്കും. ഇത്തരം തോട്ടികളുടെ പ്രചരണാർത്ഥം ശ്രീ എസ് സുബാഷ്, മീഡിയ ഓഫീസർ മേൽ പരാമർശം (1) പ്രകാരം താഴെപറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു:-

1. ഇപ്പോൾ ഉപയോഗിക്കുന്ന ലോഹ തോട്ടികൾ, കെഎസ്ഇബിഎൽ-നു കൈമാറുന്നവർക്ക് പകരം പൊതുമേഖല സ്ഥാപനമായ കേരള അഗ്രോ ഇൻഡസ്ട്രിസ് കോർപ്പറേഷൻ നിർമ്മിക്കുന്ന ഏകദേശം 1860 രൂപ വിലയുള്ള ***നിർദ്ദിഷ്ട ഇൻസുലേറ്റഡ് strength*** ഉള്ള പി വി സി ഇൻസുലേറ്റഡ് തോട്ടികൾ കെഎസ്ഇബി എൽ പകരം നൽകുക.

2. ഇതിന്റെ പ്രാരംഭ ഘട്ടം എന്ന നിലയിൽ അടുത്ത സമയത്ത് വൈദ്യുതി ലൈനുകൾക്ക് സമീപം ലോഹ തോട്ടികൾ ഉപയോഗിച്ചത് മൂലം അപകട മരണങ്ങൾ സംഭവിച്ച 5 സെക്ഷനുകളിൽ , 50 വീതം ഉപഭോക്താക്കൾക്ക് ഈ രീതിയിൽ ***നിർദ്ദിഷ്ട ഇൻസുലേറ്റഡ് strength*** ഉള്ള ഇൻസുലേറ്റഡ് തോട്ടികൾ വിതരണം ചെയ്യുക. ഏകദേശ ചെലവ് ഒരു തോട്ടിക്ക് 1860 രൂപ നിരക്കിൽ 250 എണ്ണത്തിന് നാലു ലക്ഷത്തി അറുപതിനായിരം രൂപ (4,60,000/-).
3. ലോഹ തോട്ടികൾ തിരികെ നൽകുവാൻ സാധിക്കാത്തവർക്ക് തോട്ടിയുടെ വില EMI ആയി വൈദ്യുതി ബില്ലിനോടൊപ്പം ചേർത്ത് നൽകുക.
4. ***നിർദ്ദിഷ്ട ഇൻസുലേറ്റഡ് strength-ഉള്ള*** ഇൻസുലേറ്റഡ് തോട്ടി ഉണ്ടാക്കുന്ന രീതി വ്യാപകമായി പ്രചരിപ്പിക്കുക.
5. വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട 5എണ്ണം ബോബനും മോളിയും ആനിമേഷൻ ചിത്രങ്ങൾ നിർമ്മിച്ച് സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുക. ഏകദേശം ചെലവ് ചിത്രം ഒന്നിന് 30,000 രൂപ നിരക്കിൽ ആകെ ഒരു ലക്ഷത്തി അമ്പതിനായിരം (1,50,000/-) രൂപ.
6. വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട ഓഡിയോ വീഡിയോ ഉൾപ്പെടെ 10 കാർട്ടൂൺ കാരിക്കേച്ചറുകൾ തയ്യാറാക്കുക. ഒരു കാരിക്കേച്ചറിന് ഏകദേശം ചെലവ് ഇരുപതിനായിരം രൂപ. ആകെ തുക രണ്ട് ലക്ഷം രൂപ (2,00,000/-) .
7. ആനിമേഷൻ വഴി വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട 10 സെക്കൻഡ് ദൈർഘ്യമുള്ള പരസ്യം നിർമ്മിക്കുക. ഏകദേശം ചെലവ് ഒരു സെക്കൻഡിന് 9000 രൂപ നിരക്കിൽ ആകെ 90,000 രൂപ.
8. എസ് എം എസ് വഴി ഉപഭോക്താക്കളെ അറിയിക്കുക
9. വൈദ്യുതി സുരക്ഷയെ കുറിച്ചും, ഈ പദ്ധതിയെ കുറിച്ചും, ***കെഎസ്ഇബിഎൽ വികസന പ്രവർത്തനങ്ങളെക്കുറിച്ചും*** മറിമായം ടീമിനെ ഉപയോഗിച്ച് 5 പരസ്യങ്ങൾ നിർമ്മിക്കുക. ഒരു പരസ്യത്തിനു ഏകദേശ ചെലവ് മുപ്പതിനായിരം രൂപ. ആകെത്തുക ഒരു ലക്ഷത്തി അമ്പതിനായിരം രൂപ (1,50,000/-).
10. പരസ്യങ്ങൾ സംവിധാനം ചെയ്യാനും മീഡിയ പ്ലാൻ തയ്യാറാക്കാനും മീഡിയ സെല്ലിലെ, മീഡിയ ഓഫീസറായ എസ് സുബാഷിനെ ചുമതലപ്പെടുത്തുക.
11. അനുവാദം ലഭിക്കുകയാണെങ്കിൽ ഇതിനുള്ള ഭരണപരമായ നടത്തിപ്പ് ചുമതലയും മീഡിയ പ്രവർത്തനങ്ങൾക്കായുള്ള മുൻകൂർ തുക എടുത്ത് നൽകുന്നതിനും, നഷ്ടപരിഹാര വിതരണ അധികാരി എന്ന നിലയിൽ പ്രവർത്തിക്കുന്ന ചീഫ് പേഴ്സണൽ ഓഫീസറെ ചുമതലപ്പെടുത്തുക.

വിഷയം സൂചന (2) കുറിപ്പ് പ്രകാരം മുഴുവൻ സമയ ഡയറക്ടർമാർ മുൻപാകെ സമർപ്പിക്കപ്പെട്ടു. 27.06.2022 ന് ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗത്തിൽ അജണ്ട 79/06/2022 ആയി ടി വിഷയം വിശദമായി പരിശോധിക്കുകയും ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

ഇപ്പോൾ ഉപഭോക്താക്കൾ ഉപയോഗിക്കുന്ന ലോഹ തോട്ടികൾ, കെഎസ്ഇബിഎൽ- നു കൈമാറുന്നവർക്ക് പകരം പൊതുമേഖല സ്ഥാപനമായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ നിർമ്മിക്കുന്ന ഏകദേശം 1860 രൂപ വിലയുള്ള ***നിർദ്ദിഷ്ട ഇൻസുലേറ്റഡ് strength-*** ഉള്ള പി വി സി ഇൻസുലേറ്റഡ് തോട്ടികൾ നല്കാൻ അനുമതി നൽകി ആവശ്യമായ അളവ് ലഭ്യമല്ലെങ്കിൽ ലിമിറ്റഡ് ടെൻഡർ വഴി വാങ്ങേണ്ടതാണ് .

ലോഹ തോട്ടികൾ തിരികെ നൽകുവാൻ സാധിക്കാത്തവർക്ക് തോട്ടിയുടെ വില തവണകൾ ആയി വൈദ്യുതി ബില്ലിനോടൊപ്പം ചേർത്ത് നൽകുവാനും അനുമതി നൽകി.

കൂടാതെ താഴെപറയുന്ന നിർദേശങ്ങൾക്കും അനുമതിനൽകി.

1. *നിർദ്ദിഷ്ട ഇൻസുലേറ്റഡ് strength* -ഉള്ള ഇൻസുലേറ്റഡ് തോട്ടി ഉണ്ടാക്കുന്ന രീതി വ്യാപകമായി പ്രചരിപ്പിക്കുക.

2. വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട ബോബനും മോളിയും ആനിമേഷൻ ചിത്രങ്ങൾ നിർമ്മിച്ച് സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുക.

3. വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട ഓഡിയോ വീഡിയോ ഉൾപ്പെടെ കാർട്ടൂൺ കാരിക്കേച്ചർ തയ്യാറാക്കുക.

4. ആനിമേഷൻ വഴി വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട 10 സെക്കൻഡ് ദൈർഘ്യമുള്ള പരസ്യം നിർമ്മിക്കുക.

5. വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ എസ് എം എസ് വഴി ഉപഭോക്താക്കളെ അറിയിക്കുക

6. വൈദ്യുതി സുരക്ഷയെകുറിച്ചും, ഈ പദ്ധതിയെകുറിച്ചും, കെഎസ്ഇബിഎൽന്റെ *വികസന പ്രവർത്തനങ്ങളെക്കുറിച്ചും* മറിമായം ടീമിനെ ഉപയോഗിച്ച് പരസ്യങ്ങൾ നിർമ്മിക്കുക.

7. പരസ്യങ്ങൾ സംവിധാനം ചെയ്യാനും മീഡിയ പ്ലാൻ തയ്യാറാക്കാനും മീഡിയ സെല്ലിലെ, മീഡിയ ഓഫീസറായ എസ് സുബാഷിനെ ചുമതലപ്പെടുത്തുക.

ഈ പദ്ധതിയുടെ നടത്തിപ്പിനായി പ്രാരംഭ തുകയായ 2,00,000/- രൂപ (രണ്ടു ലക്ഷം രൂപ) അനുവദിക്കാനും തിരുമാനിച്ചു.

ഈ പദ്ധതിയുടെ ഭരണപരമായ നടത്തിപ്പിനും മീഡിയ പ്രവർത്തനങ്ങൾക്കായുള്ള തുക എടുത്ത് നൽകുന്നതിനും, അപകട നഷ്ടപരിഹാര വിതരണ അധികാരി എന്ന നിലയിൽ പ്രവർത്തിക്കുന്ന ചീഫ് പേഴ്സണൽ ഓഫീസറെ ചുമതലപ്പെടുത്താനും അനുമതിനൽകി.

ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുഴുവൻസമയ ഡയറക്ടർമാരുടെ ആജ്ഞാനുസരണം.

ഒപ്പ്

ലേഖ.ജി
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്.

സ്വീകർത്താവ്:

1. ചീഫ് എഞ്ചിനീയർ, ഡിസ്ട്രിബ്യൂഷൻ (SOUTH, CENTRAL & NORTH).
2. ചീഫ് പേഴ്സണൽ ഓഫീസർ .
3. ശ്രീ. സുബാഷ്, മീഡിയ ഓഫീസർ.

പകർപ്പ്

1. ചീഫ് സേഫ്റ്റി കമ്മീഷണർ/ചീഫ് എഞ്ചിനീയർ (SCM).
2. TA to ഡയറക്ടർ (D&SCM).
3. ഫിനാൻഷ്യൽ അഡ്വൈസർ.
4 കമ്പനി സെക്രട്ടറി.
5. ഫയൽ കോപ്പി..

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് എഞ്ചിനീയർ